**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1943** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഐ.ടി. ഹാർഡ് വെയർ ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | 2020-21 വർഷം എത്ര കോടി രൂപയുടെ ഐ.ടി. ഹാർഡ് വെയർ ഉല്പാദനമാണ് സംസ്ഥാനത്ത് നടന്നത്; വെളിപ്പെടുത്തുമോ; | (എ) | സർക്കാർ ഐ.ടി. പാർക്കുകൾ കേന്ദ്രീകരിച്ച് സോഫ്റ്റ് വെയർ ഉല്പാദനവും സേവനവുമാണ് പ്രധാനമായും നടക്കുന്നത്. |
| (ബി) | 2025-26 വർഷത്തോടെ പ്രസ്തുത ഉല്പാദനം എത്ര കോടി രൂപയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ; | (ബി) | സർക്കാർ ഐ.ടി. പാർക്കുകൾ കേന്ദ്രീകരിച്ച് സോഫ്റ്റ് വെയർ ഉല്പാദനവും സേവനവുമാണ് പ്രധാനമായും നടക്കുന്നത്. |
| (സി) | സ്വകാര്യ ഐ.ടി. പാർക്കുകളെ പ്രോത്സാഹിപ്പിക്കുവാൻ സ്വീകരിച്ചുവരുന്ന നൂതനമായ നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | സംസ്ഥാനത്തെ 3 സർക്കാർ ഐ.ടി. പാർക്കുകളിലുമായി 928 കമ്പനികളും, 1,14,970 ജീവനക്കാരും ജോലി ചെയ്യുന്നുണ്ട്. സ്വകാര്യ മേഖലയിലെ വിവരം ലഭ്യമല്ല. ഐ.ടി., ഐ.ടി. അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമത്തിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി ഒരു ക്ഷേമനിധിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത മേഖലയിലുള്ളവർക്ക് പെൻഷൻ, കുടുംബപെൻഷൻ, പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, മരണാനന്തര ചെലവ്, മരണാനന്തര സഹായം എന്നിവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിലെ സ്വകാര്യ കമ്പനികളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും ജീവനക്കാർക്കുമായി നിയമാനുസൃതമായ ക്ഷേമ പദ്ധതികളും തൊഴിൽ നിയമങ്ങളും കൃത്യമായി നടപ്പിലാക്കണമെന്ന് കമ്പനികളുമായുള്ള കരാർ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന സ്വകാര്യ കമ്പനികളിലെ ജീവനക്കാരുടെ ക്ഷേമത്തിനായി കമ്പനികൾ നേരിട്ടും വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്ത് നിലവിലുള്ള ഐ.ടി. സംരംഭകർ, ഐ.ടി., ഐ.ടി. അനുബന്ധ മേഖലകളിലെ | (ഡി) | സംസ്ഥാനത്തെ 3 സർക്കാർ ഐ.ടി. പാർക്കുകളിലുമായി 928 കമ്പനികളും, 1,14,970 |

| | | | |
|---|---|---|---|
| | ജീവനക്കാർ, തൊഴിലാളികൾ എന്നിവരുടെ എണ്ണം എത്ര; ഇവരുടെ ക്ഷേമം ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ? | | ജീവനക്കാരും ജോലി ചെയ്യുന്നുണ്ട്. സ്വകാര്യ മേഖലയിലെ വിവരം ലഭ്യമല്ല. ഐ.ടി., ഐ.ടി. അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമത്തിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി ഒരു ക്ഷേമനിധിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത മേഖലയിലുള്ളവർക്ക് പെൻഷൻ, കുടുംബപെൻഷൻ, പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, മരണാനന്തര ചെലവ്, മരണാനന്തര സഹായം എന്നിവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിലെ സ്വകാര്യ കമ്പനികളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും ജീവനക്കാർക്കുമായി നിയമാനുസൃതമായ ക്ഷേമ പദ്ധതികളും തൊഴിൽ നിയമങ്ങളും കൃത്യമായി നടപ്പിലാക്കണമെന്ന് കമ്പനികളുമായുള്ള കരാർ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന സ്വകാര്യ കമ്പനികളിലെ ജീവനക്കാരുടെ ക്ഷേമത്തിനായി കമ്പനികൾ നേരിട്ടും വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ